**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4434** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പഠനമുറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്ന പദ്ധതിയിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | (എ) | പഠനമുറിക്കായി പട്ടികജാതി വികസന വകുപ്പിൽ 210 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 146 പേർക്ക് ധനസഹായം അനുവദിച്ചു<br>പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ഗുണഭോക്താക്കൾക്ക് പഠനമുറി അനുവദിച്ച് നൽകുന്നില്ല |
| (ബി) | അതിൽ എത്ര പഠന മുറികൾ നിർമ്മിച്ചു നൽകി; | (ബി) | പഠനമുറിക്കായി പട്ടികജാതി വികസന വകുപ്പിൽ 210 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 146 പേർക്ക് ധനസഹായം അനുവദിച്ചു<br>പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ഗുണഭോക്താക്കൾക്ക് പഠനമുറി അനുവദിച്ച് നൽകുന്നില്ല |
| (സി) | ഒരു പഠനമുറി നിർമ്മിക്കുന്നതിന് അനുവദിക്കുന്ന തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/ എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിലെയും കേന്ദ്രീയ വിദ്യാലയങ്ങളിലെയും 8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന, 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിനായി, 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപവരെയായിരിക്കണം. ഗ്രാമസഭ ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക. നിർമ്മാണ പുരോഗതിക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ട് വഴി നൽകുന്നു. |

സെക്ഷൻ ഓഫീസർ